


# അഞ്ചേരിൽ

## കുടുംബചരിത്രം

ജോബ് അഞ്ചേരിൽ

# അഞ്ചേരിൽ കുടുംബചരിത്രം

# ANCHERIL KUDUMBA CHARITHRAM

(Ancheril Family History in Malayalam)

Published by: A.S. Job Ancheril
Ancheril Link Road
Pala - 686 575
Ph: 0482-212008

First Published: 01-01-2001

Printed at: Jaya Printing Works, Pala.

(For private circulation only)

# അഞ്ചേരിൽ കുടുംബ ചരിത്രം

എറകോന്നി ഇട്ടിച്ചെറിയാ

↓

പുത്തമ്പുരയ്ക്കൽ തൊമ്മപ്പണിക്കർ

↓

പടിഞ്ഞാറെക്കര കൊച്ചുമത്തായി

↓

കളപ്പുരയ്ക്കൽ തൊമ്മൻ

↓

തെക്കേക്കണ്ടത്തിൽ ഈപ്പൻ

↓

അഞ്ചേരിൽ ഇട്ടിച്ചെറിയാ

↓

അഞ്ചേരിൽ ഈപ്പൻ

↓

| ഇട്ടിച്ചെറിയാ | കുഞ്ഞവുത | ഈപ്പൻ |
|---|---|---|
| (1) കുഞ്ഞമ്മൻ | (1) കൊച്ച് | (1) കൊച്ച് |
| (2) കുഞ്ഞേപ്പ് | (2) മത്തച്ചൻ | (2) വർക്കി |
| (3) സ്ക്കറിയ | (3) തൊമ്മച്ചൻ | (3) തോമ്മാച്ചൻ |
| (4) കുഞ്ഞുമത്ത | (4) സ്ക്കറിയാ | (4) അവിരാ |
| (5) അന്നമ്മ | (5) ഈപ്പൻ | (5) അന്നമ്മ |
| | (6) അന്നമ്മ | (6) മാമ്മി |
| | (7) മാമ്മി | (7) കുഞ്ഞേലി |
| | (8) ഏലിയാമ്മ | |
| | (9) ത്രെസ്യാമ്മ | |

**വി.സി. ജോസഫ്**
പ്രസിഡന്റ്
എറകോന്നി കുടുംബയോഗം

വെട്ടുകാട്ടിൽ
കിഴതടിയൂർ പി.ഒ.
പാലാ. (0482) 212068



## ആശംസ

മനുഷ്യസാഹോദര്യത്തിന്റെയും കൂട്ടായ്മയുടെയും പ്രതീകങ്ങളാണ് കുടംബയോഗങ്ങളും കുടുംബ ചരിത്ര ഗ്രന്ഥങ്ങളും. തങ്ങളുടെ മൺമറഞ്ഞ പൂർവ്വികരെ അറിയുന്നതിനും, അവരോടുള്ള കടപ്പാടും ആദരവും പ്രകടിപ്പിക്കുന്നതിനും, വരും തലമുറകൾക്ക് അവരുടെ ശ്രേഷ്ഠ പാരമ്പര്യം പകർന്നുകൊടുക്കുന്നതിനും കുടുംബചരിത്ര ഗ്രന്ഥങ്ങൾക്കുള്ള സ്ഥാനം വളരെ പ്രധാനമാണ്.


എറകോന്നി മാതൃകുടുംബത്തിൽപ്പെട്ട അഞ്ചേരിൽ ശാഖയുടെ കുടുംബചരിത്രം പ്രസിദ്ധപ്പെടുത്തുന്ന ഈ അവസരത്തിൽ, എല്ലാ കുടുംബാംഗങ്ങൾക്കും സർവ്വവിധ മംഗളങ്ങളും ആശംസിക്കുന്നു.

പാലാ,
01-01-01.


വി.സി.ജോസഫ്.



ഫാ. ജോസ് അഞ്ചേരിൽ



എ.എസ്. ജോബ്
കുടുംബചരിത്ര രചയിതാവ്



പ്രൊഫ. ജോസഫ് മാത്യു
(മൂല തറവാടായ എറകോന്നി
കുടുംബത്തിന്റെ ചരിത്രഗ്രന്ഥ രചയിതാവ്

# എറകോന്നി മാതൃകുടുംബം

കേരളത്തിൽ അങ്ങോളമിങ്ങോളമായി, വിശേഷിച്ചു മീനച്ചിൽ താലൂക്കിൽ ശാഖോപശാഖകളായി പടർന്ന് പന്തലിച്ച്, നാടിന്റെ സാമൂഹിക, സാംസ്ക്കാരിക, സാമ്പത്തിക, രാഷ്ട്രീയ മണ്ഡലങ്ങളിൽ നിസ്തുല സംഭാവനകൾ നൽകികൊണ്ടിരിക്കുന്ന പ്രശസ്തമായ എറകോന്നി കുടുംബത്തിന്റെ ഒരു ഉപശാഖയാണ് അഞ്ചേരിൽ കുടുംബം.

എറകോന്നി കുടുംബക്കാർ മീനച്ചിൽ താലൂക്കിൽ വന്നതു സംബന്ധിച്ച് പല ഐതിഹ്യങ്ങളും നിലവിലുണ്ട്. എറകോന്നി കുടുംബത്തിലെ ആദ്യ കാരണവർ ബാബേലിൽ നിന്നു വന്ന ഒരു യഹൂദ ക്രിസ്ത്യാനിയാണെന്നാണ് ഒരു പക്ഷം. മറ്റൊരഭിപ്രായം ഇദ്ദേഹം മൈലാപ്പൂരിൽ നിന്നു വന്ന ഒരു മാർത്തോമ്മാ ക്രിസ്ത്യാനിയാണെന്നാണ്. ഈ രണ്ട് അഭിപ്രായങ്ങളെക്കാൾ കൂടുതൽ സ്വീകാര്യമായി തോന്നുന്നത് മറ്റൊരു വാദഗതിയാണ്.

ക്രിസ്തുവർഷം 10-ാം നൂറ്റാണ്ടിന്റെ ആരംഭകാലത്ത് മീനച്ചിൽ ഭരണാധിപന്മാരായിരുന്ന നമ്പിക്കാട്ടു കർത്താക്കന്മാർ എണ്ണ, ഉപ്പ് തുടങ്ങിയ തീണ്ടലുള്ള സാധനങ്ങൾ തൊട്ടുകൊടുത്ത് ശുദ്ധി വരുത്തുവാനായി മേവിടയിൽ കൊണ്ടുവന്നു പാർപ്പിച്ചവരാണ് എറകോന്നി കുടുംബക്കാർ എന്നതാണ് ഈ അഭിപ്രായം. ഇവർ ഇടപ്പള്ളിയിൽ നിന്നു വന്ന് കോട്ടയത്തിനടുത്ത് മണർകാട് പ്രദേശത്ത് കല്ലക്കടമ്പ് എന്ന വീട്ടിൽ താമസിച്ചു വരുകയായിരുന്നു. ഈ അവസരത്തിലാണ് കർത്താക്കന്മാരുടെ ക്ഷണം സ്വീകരിച്ച് മേവിട എറകോന്നി പുരയിടത്തിൽ വന്നു താമസമാക്കിയത്. ഇങ്ങനെ താമസമാക്കിയ കുടുംബത്തലവൻ കാലക്രമേണ പണം കൊണ്ടും പദവി കൊണ്ടും സുപ്രസിദ്ധനായി.

എ.ഡി. 1002 ൽ പ്രസിദ്ധമായ പാലാ പള്ളിയുടെ നിർമ്മാണത്തിന് വയലക്കൊമ്പൻ, കൂട്ടുങ്കൽ, തറയിൽ എന്നീ കുടുംബക്കാരോടൊത്ത് എറകോന്നി കുടുംബക്കാരും മുന്നിട്ടുനിന്നു

പ്രവർത്തിക്കുകയുണ്ടായി. എറകോന്നി എന്ന വീട്ടുപേരിൽ തന്നെ അറിയപ്പെടുന്ന കുടുംബങ്ങൾ തോടനാൽ, കൊട്ടിയൂർ, മാനന്തവാടി, വെറ്റിലപ്പാറ, എന്നീ സ്ഥലങ്ങളിൽ ഇന്നും നിലവിലുണ്ട്. അക്കാലങ്ങളിൽ പ്രസിദ്ധിയാർജ്ജിച്ചിരുന്ന ഈ കുടുംബത്തിൽ നിന്നൊരാൾ, പതിനേഴാം നൂറ്റാണ്ടിന്റെ ആരംഭഘട്ടത്തിൽ മേവിട വെട്ടിക്കാട്ടു പുരയിടത്തിൽ പുരവെച്ചു മാറിത്താമസിക്കുകയുണ്ടായി. ഇദ്ദേഹത്തിന്റെ പേര് 'എറകോന്നി ഇട്ടിച്ചെറിയാ' എന്നായിരുന്നു. ഇട്ടിച്ചെറിയായ്ക്ക് ഏഴുപുത്രന്മാർ ഉണ്ടായിരുന്നു. ഇവരിൽ മൂത്ത പുത്രൻ അയർക്കുന്നം കുടകശ്ശേരിലേയ്ക്ക് ദത്തുപോയി. രണ്ടാമതൊരാൾ മീനച്ചിൽ പരിന്തിരിക്കലും, മൂന്നാമൻ മേവിട തന്നെ പുളിക്കലും മാറിത്താമസിച്ചു. പുതിയാത്ത്, കോക്കപ്പുറം, കോയിപ്പുറം, കുന്നുംപുറത്ത്, പ്ലാക്കാട്ട്, മാധവപ്പള്ളിൽ, തലക്കുളം, മണ്ണൂർ, എന്നീ ശാഖകളും, ഈറ്റിയാങ്കൽ, മൂലമുണ്ട, ഞാറ്റുകാലാക്കുന്നേൽ, കളപ്പുരയ്ക്കൽ, ചെരികുന്നേൽ, ചൊള്ളാനിക്കൽ, പഴനിലം, പുന്നയ്ക്കൽ, മഠത്തിക്കാട്ടുകുന്നേൽ, ചെല്ലങ്കോട്ട്, തൈത്തോട്ടം, വള്ളിക്കാട്ടുകുഴി, എന്നീ ഉപശാഖകളുമുള്ള കുടുംബത്തിന്റെ തലവനാണ് നെയ്യൂർ നാഗനോലിക്കൽ താമസമാക്കിയ നാലാമത്തെ പുത്രൻ. അഞ്ചാമൻ തറവാടായ വെട്ടിക്കാട്ടു താമസിച്ചു. ഇദ്ദേഹത്തിന്റെ പിൻതുടർച്ചക്കാരാണ് പൂവക്കുളം, മുണ്ടുപാലയ്ക്കൽ, ഇടിയാകുന്നേൽ, ചൂരക്കുന്നേൽ, ഐക്കര, തണ്ണിപ്പാറ എന്നീ ശാഖകളും, വടയാറ്റുകുന്നേൽ, നെടുംതകടിയേൽ, വടക്കേമുറിയിൽ, വരിക്കമാക്കൽ, കൊച്ചുമുറിയിൽ, കുഴിപ്പള്ളിൽ എന്നീ ഉപശാഖകളും ഉള്ള കൊഴുവനാൽ വയലിൽ കുടുംബം. ആറാമത്തെ പുത്രൻ നന്തിക്കാട്ട്, എഴുത്തുപള്ളിക്കൽ, മടത്താനിക്കുന്നേൽ, കൊച്ചുകോട്ടേൽ കുടുംബങ്ങൾ ഉൾപ്പെടുന്ന മുത്തോലി തൊടുകയിൽ ശാഖയുടെ കാരണവരാണ്. ഏഴാമനാണ് പാലായിലുള്ള പടിഞ്ഞാറെക്കര, കിഴക്കേക്കര, ഒറ്റപ്ലാക്കൽ എന്നീ കുടുംബങ്ങളുടെ പിതാവായ പുത്തമ്പുരയ്ക്കൽ തൊമ്മപ്പണിക്കർ.

## പുത്തമ്പുരയ്ക്കൽ തൊമ്മപ്പണിക്കർ

എറകോന്നി ഇട്ടിച്ചെറിയായുടെ ഇളയപുത്രൻ തൊമ്മൻ 1696ൽ





കിഴതടിയൂർ പ്രദേശത്തുവന്ന് കോട്ടയ്ക്കകത്ത് പീടിയേക്കൽ തൊമ്മൻ തരകനുമായി ചേർന്ന് ഒരു പങ്ക് കച്ചവടം തുടങ്ങി. ഉദ്ദേശം രണ്ട് വർഷത്തിനുശേഷം പങ്ക് പിരിഞ്ഞ് സ്വകുടുംബമായ വെട്ടിക്കാട്ടേയ്ക്ക് തിരിച്ചുപോയി. അക്കാലത്ത് കിഴതടിയൂർ ഭാഗത്ത് വള്ളോണ്ടനായർ, ചോറ്റുകുലനായർ, പടവിൽനായർ തുടങ്ങിയ നായർ കുടുംബങ്ങൾ വലിയ പ്രതാപികളായി കഴിഞ്ഞിരുന്നു. ഇവരുടെ ആവശ്യത്തിനുവേണ്ട സാധനങ്ങൾ തൊമ്മന്റെ കടയിൽ നിന്നാണ് വാങ്ങിയിരുന്നത്. തൊമ്മൻ കച്ചവടം നിർത്തിയപ്പോൾ മറ്റ് കടകളൊന്നും ഇല്ലാതിരുന്നതിനാൽ ഇവർക്ക് വലിയ അസൗകര്യം നേരിട്ടു. അതുകൊണ്ട് തൊമ്മനെ കച്ചവടത്തിനായി എങ്ങനെയും തിരികെ കൊണ്ടുവരണമെന്ന് അവർ തീരുമാനിച്ചു. എന്നാൽ വീണ്ടും വരണമെന്നുണ്ടെങ്കിൽ കിഴതടിയൂർ ഭാഗത്തുതന്നെ പുരവയ്ക്കുവാൻ സ്ഥലവും പുരയ്ക്ക് വേണ്ട സാമഗ്രികളും കിട്ടണമെന്ന് തൊമ്മൻ ആവശ്യപ്പെട്ടു. നായന്മാർ ഈ ആവശ്യം അംഗീകരിക്കുകയും, വിവരം നമ്പിക്കാട്ടു കർത്താവിനെ അറിയിച്ച് വേണ്ട അനുവാദം സമ്പാദിക്കുകയും ചെയ്തു. സ്ഥലം അന്വേഷിച്ചതിൽ പുത്തൻപുരയ്ക്കൽ നായരുടെ വക അന്യം നിൽപായ പുത്തമ്പുരയ്ക്കൽ പുരയിടം സൗകര്യമാണെന്ന് കണ്ടു. അതനുസരിച്ച് നമ്പിക്കാട്ടുമഠത്തിൽ മൂപ്പായിരുന്ന ഒരു വല്യമ്മ വന്ന് പുര വയ്ക്കുന്നതിന് പത്തൽ കുത്തിക്കൊടുക്കുകയും ചെയ്തു. അക്കാലങ്ങളിൽ രാജസ്ഥാനത്തുനിന്ന് പത്തൽ കുത്തിക്കൊടുക്കാതെ പുര വയ്ക്കുവാൻ അനുവാദമില്ലായിരുന്നു.

തൊമ്മൻ പൊരുന്നോലിൽ താമസിച്ചു കൊണ്ട് പുരപണി ആരംഭിക്കുകയും താമസിയാതെ പണി തീർത്ത് ഭാര്യ ചൂരനോലിക്കൽ ഏലിയോടൊത്ത് താമസം മാറ്റുകയും, കച്ചവടം പുനരാരംഭിക്കുകയും ചെയ്തു. ഈ വീട് കിഴക്കേക്കര താഴെ എന്ന പേരിൽ ഇന്നും നിലനില്ക്കുന്നു. ഈ ഭവനത്തിന്റെ പടിവാതിൽക്കലൂടെയാണ് അക്കാലങ്ങളിൽ മീനച്ചിൽ നിന്നു തൊടുപുഴയ്ക്ക് പോകുവാനുള്ള നാട്ടുവഴി ഉണ്ടായിരുന്നത്. പിന്നീട് തൊമ്മന്റെ മൂത്തപുത്രൻ ഇട്ടിച്ചെറിയാ മീനച്ചിൽ കർത്താവിന്റെ മന്ത്രിയായി. മന്ത്രിപിതാവിന് കർത്താവ് പണിക്കർ പദവി നൽകി ആദരിച്ചു. അങ്ങനെയാണ് തൊമ്മപ്പണിക്കർ എന്നപേരുണ്ടായത്.

പുത്തമ്പുരയ്ക്കൽ തൊമ്മപ്പണിക്കർ കച്ചവട സംബന്ധമായ ഏതോ കാര്യം പ്രമാണിച്ച് ഒരിക്കൽ വടക്കും ദിക്കിനു പോയി. പിറവത്തുചെന്നപ്പോൾ വടക്കും മനയ്ക്കൽ ഇല്ലത്തെ ഒരു ഉണ്ണിയെ വഴിമദ്ധ്യേ "മറിപ്പു" വച്ചിരിക്കുന്നതായി കണ്ടു. അക്കാലങ്ങളിൽ കടം വാങ്ങിയ തുക ഈടാക്കാൻ ഉടമസ്ഥൻ ഒരാളെ അയച്ചാൽ പണം കിട്ടാത്തപക്ഷം കടക്കാരനെ പിടിച്ചു തടവിൽ വെയ്ക്കുവാൻ അവകാശം ഉണ്ടായിരുന്നു. കടം കൊടുക്കാതെ യാതൊരാവശ്യത്തിനും അയാളെ വിടുകയുമില്ല. ഈ സമ്പ്രദായത്തിനാണ് 'മറിപ്പു വെയ്ക്കുക' എന്നു പറഞ്ഞുപോന്നിരുന്നത്. പ്രായപൂർത്തിയായ തമ്പുരാക്കന്മാർ സ്ഥലത്തില്ലാതിരുന്നതിനാലാണ് ഇപ്രകാരം പണം കൊടുക്കുവാൻ സാധിക്കാതെ വന്നത്. ഇതു കണ്ട തൊമ്മപ്പണിക്കർ കാര്യമെന്തെന്നന്വേഷിച്ചു. ഉണ്ണി മറിപ്പു ചീട്ടിനിരിക്കുകയാണെന്നും കുളിച്ചിട്ടില്ലെന്നും പറഞ്ഞപ്പോൾ "ഉണ്ണി പൊയ്ക്കൊള്ളട്ടെ, പകരം ഞാനിരുന്നുകൊള്ളാം" എന്ന് പണിക്കർ നിർദ്ദേശിച്ചു. പണത്തിന്റെ ഉത്തരവാദിത്വം തൊമ്മപ്പണിക്കർ ഏൽക്കുകയും ഉണ്ണിയെ സ്വതന്ത്രനാക്കുകയും ചെയ്തു. ഉണ്ണി ഇല്ലത്തുചെന്നപ്പോൾ അന്തർജ്ജനമായ വല്യ തമ്പുരാട്ടി കാര്യംതിരക്കി. തെക്കൻ ഒരു മാപ്പിള വഴിക്കു വന്ന് കടം ഏറ്റു തന്നെ വിട്ടയച്ചതാണ് എന്ന് ഉണ്ണിപറഞ്ഞു. ഉടൻ തന്നെ ആ മാപ്പിളയെ ഇല്ലത്തേയ്ക്കു കൂട്ടിക്കൊണ്ടുവരുവാൻ തമ്പുരാട്ടി ഉണ്ണിയെത്തന്നെ പറഞ്ഞയച്ചു. ഉണ്ണി അവിടെച്ചെന്നപ്പോൾ കടം കൊടുക്കുവാനുള്ള 150 രാശി തന്റെ മുളവടിയുടെ അഗ്രം തുറന്ന് ഒരിലയിൽ കുടഞ്ഞിട്ടു കൊടുത്ത് തൊമ്മപ്പണിക്കർ ഇല്ലത്തേയ്ക്കു ചെന്നു. തമ്പുരാട്ടി സന്തോഷപൂർവ്വം അദ്ദേഹത്തിന്റെ ജന്മസ്ഥലവും പേരും വീട്ടുപേരും ചോദിച്ചു മനസ്സിലാക്കുകയും, പ്രത്യുപകാരമായി ഏന്തെങ്കിലും സ്വീകരിക്കണമെന്നു നിർബന്ധിക്കുകയും ചെയ്തു. എന്നാൽ താൻ ധർമ്മം നിറവേറ്റിയിട്ടേയുള്ളു എന്നും പ്രതിഫലമൊന്നും ആവശ്യമില്ലെന്നും പറഞ്ഞ് തൊമ്മപ്പണിക്കർ അവിടെനിന്നും യാത്രയാകുകയാണ് ചെയ്തത്.

പിന്നീട് ഒരവസരത്തിൽ തമ്പുരാൻ ളാലത്തമ്പലത്തിൽ വഴിപാടുകഴിക്കാനായി വന്നു. അദ്ദേഹം തൊമ്മപ്പണിക്കരെ ആളയച്ചു വരുത്തുകയും, പണിക്കർ എന്തെങ്കിലും ഉപഹാരം സ്വീകരിച്ചേ





മതിയാവൂ എന്നു നിർബന്ധിക്കുകയും ചെയ്തു. അങ്ങനെയെങ്കിൽ തന്റെ വീടിനു സമീപം കാട്ടുപോത്തുവീഴുന്ന ഒരു കുഴിയും കുറെ വയലും കിടക്കുന്നത് തനിക്കുകിട്ടിയാൽ മതി എന്നു പണിക്കർ ബോധിപ്പിച്ചു. ഇതനുസരിച്ച് 'പാമ്പൂരാം പാറയ്ക്ക് മേക്ക്, കവണാറിനു (മീനച്ചിലാർ) വടക്ക്, കാട്ടുകിടപ്പിനു തെക്ക്, ളാലം തോടിന് കിഴക്ക്' വടക്കും മനവക സ്ഥലങ്ങൾ എല്ലാം കാണിച്ച് ഒരാധാരം എഴുതി തമ്പുരാൻ പണിക്കർക്കു നല്കി. അങ്ങനെ കിട്ടിയ പാടവും, വസ്തുക്കളും ഇന്നും തൊമ്മപ്പണിക്കുടെ അനന്തരാവകാശികളുടെ കൈവശം തന്നെയിരിക്കുന്നു.

തൊമ്മപ്പണിക്കർക്ക് മൂന്നു പുത്രന്മാരും മൂന്നു പുത്രിമാരുമാണ് ഉണ്ടായിരുന്നത്. മൂത്തപുത്രിയെ പൊരുന്നോലിലും, രണ്ടാമത്തെ പുത്രിയെ മൈലാടൂരും, മൂന്നാമത്തെ പുത്രിയെ കടനാട് വെട്ടിക്കാപ്പള്ളിയിലും വിവാഹം ചെയ്തയച്ചു. മൂത്തപുത്രന്റെ പേര് ഇട്ടിച്ചെറിയാ എന്നും രണ്ടാമന്റെ പേര് കൊച്ചിട്ടി ഐപ്പ് എന്നും മൂന്നാമന്റെ പേര് കൊച്ചുമത്തായി എന്നുമായിരുന്നു. ഇവർ മൂവരുമാണ് യഥാക്രമം ഒറ്റപ്ലാക്കൽ, കിഴക്കേക്കര, പടിഞ്ഞാറെക്കര എന്നീ കുടുംബങ്ങളുടെ നായകന്മാരായി തീർന്നത്. തന്റെ മൂന്ന് ആൺ മക്കളെയും പറ്റി തൊമ്മപ്പണിക്കർക്കുണ്ടായിരുന്ന അഭിപ്രായം അദ്ദേഹം ഒരവസരത്തിൽ അവരോടു തന്നെ പറഞ്ഞതിപ്രകാരമായിരുന്നു. "എന്റെ മക്കളിൽ കാര്യത്തിന് ഇട്ടിച്ചെറിയാ, മല്ലിന് കൊച്ചിട്ടി ഐപ്പ്, പണത്തിനു കൊച്ചുമത്തായി."

തൊമ്മപ്പണിക്കരുടെ പ്രഥമപുത്രൻ ഇട്ടിച്ചെറിയാ വെള്ളാപ്പാടുകരയിൽ കയ്യാലയ്ക്കകത്തുനിന്ന് വിവാഹം കഴിച്ച് കിഴതടിയൂർ ഒറ്റപ്ലാക്കൽ പുരയിടത്തിൽ താമസമാരംഭിച്ചു. അതീവ ബുദ്ധിമാനും കർമ്മകുശലനുമായിരുന്ന ഇട്ടിച്ചെറിയായുടെ സാമർത്ഥ്യത്തിൽ ആകൃഷ്ടനായ മീനച്ചിൽ കർത്താവ്, അദ്ദേഹത്തെ തന്റെ മന്ത്രിയായി നിയമിച്ചു. ഈ അവസരത്തിലാണ് പാലാ അങ്ങാടിയുടെ സ്ഥാപനം നടന്നത്. കൊല്ലവർഷം 910–ാം മാണ്ടിൽ (AD 1736) മീനച്ചിൽ കർത്താവ് കടപ്പാട്ടൂർ എന്നസ്ഥലത്ത് ഒരു അങ്ങാടി സ്ഥാപിക്കുവാൻ തീരുമാനിക്കുകയും, വിവരം മന്ത്രിയെ അറിയിക്കുകയും ചെയ്തു. മന്ത്രി സ്വപിതാവായ തൊമ്മപ്പണിക്കരുമായി

ആലോചിച്ച് തങ്ങളുടെ വകയായ തൊമ്മനാമറ്റത്തിൽ (ഇപ്പോൾ ടൗൺ ബസ്സ് സ്റ്റാൻഡ് സ്ഥിതി ചെയ്യുന്ന സ്ഥലം ) അങ്ങാടി സ്ഥാപിക്കുവാൻ കർത്താവിനോടപേക്ഷിച്ചു. തൊമ്മപ്പണിക്കരുടെ പേരിൽ നിന്നുമാണ് ആ സ്ഥലത്തിനു തൊമ്മനാമറ്റം എന്ന പേരുണ്ടായത്. മന്ത്രിയുടെ താൽപ്പര്യം അനുസരിച്ച് മീനച്ചിലാറിന്റെ തീരത്ത്, തൊമ്മനാമറ്റത്തിൽ പാലാപട്ടണം സ്ഥാപിക്കപ്പെടുകയാണുണ്ടായത്. അങ്ങാടിയുടെ നടുവിലായി തൊമ്മപ്പണിക്കർ ഒരു പള്ളിയും പണികഴിപ്പിച്ചു. ഇതാണ് പാലാ പട്ടണത്തിൽ ഇന്നും കാണുന്ന അമലോത്ഭവമാതാവിന്റെ കുരിശുപള്ളി. കുറേ നാളുകൾക്കുശേഷം കർത്താവുമായുള്ള അഭിപ്രായ വ്യത്യാസത്തെത്തുടർന്ന് ഇട്ടിച്ചെറിയാ മന്ത്രി സ്ഥാനത്തുനിന്ന് വിരമിച്ചു.

തൊമ്മപ്പണിക്കരുടെ ദ്വിതീയ പുത്രൻ കൊച്ചിട്ടി ഐപ്പ് ആണ്ടൂർ കരയിൽ പള്ളിപ്പുറത്തുനിന്ന് വിവാഹം ചെയ്ത് ദത്തവകാശമായി താമസിച്ചുപോന്നു. ഈ വിവാഹം നടക്കുന്നതിൽ ആണ്ടൂർ പ്രദേശത്തെ അധിപനായിരുന്ന അഞ്ചുകുള പണിക്കർക്ക് എതിർപ്പുണ്ടായിരുന്നു. ഈ എതിർപ്പ് പിന്നീട് പല വഴക്കുകൾക്കും വാക്കേറ്റങ്ങൾക്കും കാരണമായി. ആണ്ടൂരെ തന്റെ താമസം അപകടകരമാണെന്ന് കണ്ട് കൊച്ചിട്ടി ഐപ്പ് ഭാര്യാസമേതം കിഴതടിയൂർക്ക് തിരിച്ചുപോരുകയും കിഴക്കേക്കരവീട്ടിൽ താമസം ആരംഭിക്കുകയും ചെയ്തു. ഇദ്ദേഹത്തിന്റെ പിൻതുടർച്ചാ വകാശികളാണ് ഇന്ന് നിലവിലുള്ള പുത്തൻപുരയ്ക്കൽ, പീടികയിൽ, ആലയ്ക്കൽ, പുലിമലക്കുന്നേൽ, മൂന്നുമാക്കൽ, തട്ടാംപറമ്പിൽ, കൈതോലിൽ, വാകാനിയിൽ, കുമ്പുക്കൽ, കൊച്ചുമറ്റത്തിൽ എന്നീ ശാഖകൾ ഉൾപ്പെട്ട കിഴക്കേക്കര കുടുംബം.

## പടിഞ്ഞാറെക്കര കുടുംബം

തൊമ്മപ്പണിക്കരുടെ ഇളയപുത്രൻ കൊച്ചുമത്തായി കാഞ്ഞിരപ്പള്ളി കല്ലറയ്ക്കൽ നിന്ന് വിവാഹം ചെയ്ത് പടിഞ്ഞാറെക്കര വീട്ടിൽ താമസിച്ചു. ഓലിപ്പാടത്തിന്റെ കിഴക്കും പടിഞ്ഞാറുമായി രണ്ട് കെട്ടിടങ്ങളുണ്ടായിരുന്നതിനെ കിഴക്കേക്കര എന്നും പടിഞ്ഞാറെക്കര എന്നുമാണ് അക്കാലത്ത് പറഞ്ഞുപോന്നിരുന്നത്. മത്തായിത്തരകൻ





വളരെ ധനപുഷ്ടിയും അസാമാന്യ ജനസമ്മിതിയുള്ളവനും ആയിരുന്നു. അക്കാലത്ത് കിഴതടിയൂർ പ്രദേശത്തെ ക്രിസ്ത്യാനികളുടെ പല അവശതകളും പരിഹരിച്ച് കൊടുത്തിരുന്നത് അദ്ദേഹമായിരുന്നു. അധികൃതർക്കും അദ്ദേഹം സമ്മതനായിരുന്നു.

മത്തായിത്തരകന്റെ കാലത്ത് മീനച്ചിലാറിന്റെ ഇരുവശങ്ങളിലും ചെട്ടികൾ താമസിച്ചിരുന്ന ചെട്ടിത്തെരുവുകളായിരുന്നു. ക്രിസ്ത്യാനികളുടെ വിവാഹ ഘോഷയാത്ര, ശവസംസ്ക്കാരയാത്ര തുടങ്ങിയവ പാലാ പള്ളിയിലേക്ക് പോകുമ്പോൾ ഇവർ പലപ്പോഴും തടസം ചെയ്തിരുന്നു. ഈ ശല്യത്തിന് ഒരു അവസാനം ഉണ്ടാക്കിയത് മത്തായിത്തരകൻ തന്നെ ആയിരുന്നു. അദ്ദേഹത്തിന്റെ മൂത്തപുത്രന്റെ വിവാഹ ഘോഷയാത്ര തുളുനാട്ടിൽ നിന്ന് വരുത്തിയ ആയുധാഭ്യാസികളുടെ അകമ്പടിയോടെയാണ് പാലാ പള്ളിയിലേക്ക് തിരിച്ചത്. ചെട്ടിത്തെരുവിൽ എത്തിയപ്പോൾ ചെട്ടികൾ കല്യാണയാത്ര തടയുവാൻ തയ്യാറെടുത്തു. ചെട്ടിയുടെ വരാന്തയിലുണ്ടായിരുന്ന ഒരു ഉരുൾതൂൺ മുമ്പിൽ നിന്ന അഭ്യാസി വെട്ടിമുറിച്ചിട്ടു. തൂണിന്റെ അടിവശം വീഴുകയും മുകൾവശം വീഴാതെ നിൽക്കുകയും ചെയ്യുന്നതുകണ്ട് ഭയപ്പെട്ട ചെട്ടികൾ വൈരാഗ്യം വെടിഞ്ഞ് മത്തായിത്തരകനുമായി രമ്യപ്പെടുകയാണ് ഉണ്ടായത്.

മറ്റൊരവസരത്തിൽ മത്തായിത്തരകനും ചെട്ടികളുമായി വാക്കേറ്റമുണ്ടായി. അതിൽപിന്നെ മാപ്പിളമാരുടെ ചരക്കുകൾ ചെട്ടികൾക്ക് കൊടുത്തുകൂടാ എന്ന് മത്തായിത്തരകൻ ആജ്ഞാപിക്കുകയും തൻമൂലം ചെട്ടികളുടെ വ്യാപാരത്തിന് മാന്ദ്യമുണ്ടാകുകയും ചെയ്തു. ചെട്ടികളുടെ നേതാവ് മത്തായിത്തരകനെ കണ്ട് ക്ഷമ പറഞ്ഞതിനുശേഷം മാത്രമാണ് അവരുമായി കച്ചവടം പുനരാരംഭിച്ചത്.

പടിഞ്ഞാറെക്കര മത്തായിത്തരകന് രണ്ട് പുത്രന്മാരുണ്ടായി. തൊമ്മനും കൊച്ചീപ്പനും. പടിഞ്ഞാറെക്കര തറവാട്ടിൽ താമസമാക്കിയ കൊച്ചീപ്പന്റെ സന്തതി പരമ്പരയിൽ പെട്ടതാണ് പടിഞ്ഞാറെക്കര, കൂട്ടപ്ലാക്കൽ, തെക്കേതെരുവിൽ, മരുതോലിൽ, മേടയ്ക്കൽ എന്നീ കുടുംബങ്ങൾ. മൂത്തപുത്രൻ തൊമ്മൻ വിവാഹശേഷം

കളപ്പുരയ്ക്കലേക്ക് മാറിതാമസിച്ചു.

## കളപ്പുരയ്ക്കൽ തൊമ്മൻ

കളപ്പുരയ്ക്കൽ തൊമ്മൻ കോതമംഗലത്ത് ഇലഞ്ഞിക്കൽ നിന്ന് വിവാഹം ചെയ്തതിൽ മത്തായി, കുര്യൻ, തൊമ്മൻ എന്നിങ്ങനെ മൂന്ന് പുത്രന്മാരുണ്ടായി. ഭാര്യ മരിച്ചതിനാൽ അങ്കമാലി മുണ്ടാടന്റെ വീട്ടിൽ നിന്നും പുനർവിവാഹം ചെയ്തു. ഈ വിവാഹത്തിൽ ഈപ്പൻ, വർഗീസ്, പൈലോ എന്നിങ്ങനെ മൂന്ന് പുത്രന്മാർ കൂടി ഉണ്ടായി.

ഇവരിൽ മൂത്തപുത്രൻ മത്തായിയാണ് തെരുവിൽ കുടുംബത്തിന്റെ കാരണവർ. രണ്ടാമനായ കുര്യനാണ് വെട്ടുകാട്ടിൽ, പഴൂർ, പഴോകൈതോലിൽ, കുത്തിവളച്ചേൽ എന്നീ ശാഖകൾ അടങ്ങുന്ന കൊട്ടാരത്തിൽ കുടുംബത്തിന്റെ പൂർവ്വപിതാവ്. മൂന്നാമത്തെ പുത്രൻ തൊമ്മന്റെ പിൻഗാമികളാണ് തലച്ചിറ, ചീരാങ്കുഴി, കെടുമ്പൻപുരയിടം, തൊഴുത്തുങ്കവയലിൽ, തറപ്പേൽ, വെള്ളിമൂഴയിൽ, കളപ്പുരയിൽ, പാലിയക്കുന്നേൽ എന്നീ ശാഖകളുള്ള ചക്കൻകുളം കുടുംബം. നാലാമൻ ഈപ്പന്റെ സന്താനങ്ങളാണ് തെക്കേക്കണ്ടം കുടുംബവും അതിന്റെ ശാഖകളായ ആലയ്ക്കാപ്പള്ളി, ഒഴാക്കൽ, അഞ്ചേരിൽ കുടുംബങ്ങളും. അഞ്ചാമത്തെ പുത്രനായ വർഗീസ് മണ്ടവത്തിൽ കുടുംബത്തിന്റെ ജനയിതാവാണ്. ആറാമനായ പൈലോ തറവാടായ കളപ്പുരയ്ക്കൽ തന്നെ താമസിച്ചു. അദ്ദേഹത്തിന്റെ പിൻഗാമികളാണ് മുണ്ടാങ്കൽ, വേലിക്കകത്ത് എന്നീ കുടുംബങ്ങൾ.

## തെക്കേക്കണ്ടം കുടുംബം

കളപ്പുരയ്ക്കൽ തൊമ്മന്റെ നാലാമത്തെ പുത്രൻ ഈപ്പൻ വിവാഹാനന്തരം തറവാടിനു സമീപമായ തെക്കേക്കണ്ടം പുരയിടത്തിലേയ്ക്ക് മാറിത്താമസിച്ചു. ഇദ്ദേഹത്തിന് ഇട്ടിച്ചെറിയാ, തൊമ്മൻ, ഈപ്പൻ, മത്തായി, വർക്കി എന്നിങ്ങനെ അഞ്ചാൺമക്കളാണ് ഉണ്ടായിരുന്നത്. ഇവരിൽ ഇട്ടിച്ചെറിയാ വിവാഹശേഷം അഞ്ചേരിലേയ്ക്കും, തൊമ്മൻ ഒഴാക്കലേയ്ക്കും മാറിത്താമസിച്ചു. മൂന്നാമത്തെ പുത്രൻ ഈപ്പൻ തെക്കേക്കണ്ടത്തിൽ തന്നെ താമസിച്ചു. നാലാമത്തെ മകൻ മത്തായി വൈദികനായിത്തിർന്നു.





തെക്കേക്കണ്ടത്തിൽ മത്തായി കത്തനാർ എന്ന പേരിൽ പിൽക്കാലത്തു പ്രസിദ്ധനായ ഇദ്ദേഹം വാരാപ്പുഴ ബർണർദീനോസ് മെത്രാപ്പോലീത്തായുടെ സെക്രട്ടറിയായി അനേകവർഷം സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഈപ്പന്റെ ഇളയമകൻ വർക്കി ആലയ്ക്കാപ്പള്ളിൽ നിന്നും വിവാഹം കഴിച്ച് ദത്തവകാശമായി പോകുകയാണുണ്ടായത്.

## അഞ്ചേരിൽ ശാഖ

തെക്കേക്കണ്ടത്തിൽ ഈപ്പന്റെ പ്രഥമപുത്രൻ ഇട്ടിച്ചെറിയാ കരിമണ്ണൂർ ചാലപ്പാട്ടുനിന്ന് വിവാഹം കഴിച്ച് അഞ്ചേരിലേയ്ക്ക് മാറിത്താമസിച്ചു. പിൽക്കാലത്ത് അഞ്ചേരിൽ തറവാടായി മാറിയ ഈ വീട് പാലാ അങ്ങാടിയിൽ നിന്ന് വടക്കോട്ട് ളാലത്തമ്പലത്തിന്റെ കിഴക്കുഭാഗത്തുകൂടി ളാലം തോട് കടന്ന് പുലിമലക്കുന്ന് കയറിയിറങ്ങി പ്രവിത്താനം, അന്തീനാട്, കൊല്ലപ്പള്ളി വഴി ഇന്നത്തെ പാലാ തൊടുപുഴ റോഡിന് ഏതാണ്ട് സമാന്തരമായിട്ട് 1755 ൽ നിർമ്മിച്ച റോഡിന്റെ പടിഞ്ഞാറുവശത്ത് കിഴക്കുദർശനമായിട്ടാണ്. 1889 ൽ ആണ് ഇന്നത്തെ വാഹനഗതാഗതയോഗ്യമായ റോഡ് വെട്ടിയത്. ഇദ്ദേഹത്തിന് ഈപ്പൻ എന്ന ഒരു പുത്രനും ഒരു പുത്രിയും മാത്രമാണ് ഉണ്ടായിരുന്നത്. ചെറുപ്പത്തിൽ തന്നെ ഇദ്ദേഹം നിര്യാതനായി. പുത്രിയെ മൈലാടൂരു വിവാഹം ചെയ്തയച്ചു. അഞ്ചേരിൽ കുഞ്ഞച്ചൻ എന്നറിയപ്പെട്ടിരുന്ന പുത്രൻ ഈപ്പൻ മീനച്ചിൽ പൂവത്താനിക്കുന്നേൽ അന്നമ്മയെ വിവാഹം ചെയ്ത് അഞ്ചേരിൽ തന്നെ താമസിച്ചു. ഇദ്ദേഹത്തിന് ഇട്ടിച്ചെറിയാ, ഔസേപ്പ്, ഈപ്പൻ എന്ന മൂന്ന് പുത്രന്മാരും രണ്ട് പുത്രിമാരും ജാതരായി. ഇവരിൽ മൂത്തപുത്രിയെ വെള്ളരിങ്ങാട്ടും ഇളയപുത്രിയെ കുമരകത്ത് കട്ടക്കയത്തും വിവാഹം ചെയ്തയച്ചു. ഇട്ടിച്ചെറിയാ, ഔസേപ്പ്, ഈപ്പൻ എന്നീ മൂന്ന് സഹോദരന്മാരുടെ വംശാവലിയിൽ പെട്ടവരാണ് ഇന്ന് നിലവിലുള്ള വിവിധ അഞ്ചേരിൽ കുടുംബങ്ങൾ.

## (എ) അഞ്ചേരിൽ ഇട്ടിച്ചെറിയാ

ഈപ്പന്റെ പ്രഥമപുത്രൻ ഇട്ടിച്ചെറിയാ മീനച്ചിൽ മാപ്പിളക്കുന്നേൽ ബ്രിജിറ്റിനെ വിവാഹം ചെയ്ത് മുണ്ടാങ്കൽ കൂട്ടപ്ലാക്കൽ പുരയിടത്തിലേയ്ക്കും പിന്നീട് മേലുകാവിലേയ്ക്കും

താമസം മാറ്റി. ഇദ്ദേഹത്തിന് കുഞ്ഞമ്മൻ, കുഞ്ഞേപ്പ്, സ്ക്കറിയ, കുഞ്ഞുമത്ത എന്ന നാലുപുത്രന്മാരും ഒരു പുത്രിയും ജനിച്ചു. പുത്രി അന്നമ്മയെ പാലാ മൂലയിൽ അന്തോണിയാണ് വിവാഹം കഴിച്ചത്.

## ഇട്ടിച്ചെറിയാ മകൻ കുഞ്ഞമ്മൻ

ഇട്ടിച്ചെറിയായുടെ മൂത്തപുത്രൻ കുഞ്ഞമ്മൻ വണ്ടമറ്റം സാർത്തംകുന്നേൽ ഏലിക്കുട്ടിയെ വിവാഹം ചെയ്ത് മേലുകാവിൽ തന്നെ താമസിച്ചു. തൊമ്മന് തോമാച്ചൻ, കുഞ്ഞുകുട്ടി (ജോസഫ്), മത്തച്ചൻ എന്ന് മൂന്ന് പുത്രന്മാരും അന്നമ്മ എന്ന ഒരു പുത്രിയും ഉണ്ട്.അന്നമ്മയെ ഉള്ളനാട് പൊട്ടമ്പറമ്പിൽ ചാക്കോ വിവാഹം കഴിച്ച് മലബാറിലേയ്ക്ക് താമസം മാറ്റി.

കുഞ്ഞമ്മന്റെ മൂത്തമകൻ തോമാച്ചൻ മുട്ടം നെല്ലൻകുഴിയിൽ ഏലിക്കുട്ടിയെ വിവാഹം ചെയ്ത് മേലുകാവ് കാഞ്ഞിരംകവലയിൽ താമസിക്കുന്നു. ഇവർക്ക് ജോസ്, അപ്പച്ചൻ, ജോയി, റെജി, ഷാജി എന്ന അഞ്ച് ആൺമക്കളും മേരി, ഇത്താമ്മ, റോസമ്മ, ത്രേസ്യാമ്മ, മോളി, ലീനാ എന്ന ആറ് പെൺമക്കളും ഉണ്ട്. മൂത്തപുത്രൻ ജോസ് കോതമംഗലം പാലത്തിങ്കൽ എത്സിയെയാണ് വിവാഹം ചെയ്തിരിക്കുന്നത്. ഇവർക്ക് സിനി, സിബി എന്ന രണ്ട് കുട്ടികളുണ്ട്.

കുഞ്ഞമ്മന്റെ രണ്ടാമത്തെ പുത്രൻ കുഞ്ഞുകുട്ടി ഇടമറുക് വടക്കേമുളഞ്ഞനാൽ കൊച്ചാപ്പന്റെ മകൾ മേരിയെ വിവാഹം ചെയ്ത് മേലുകാവ് പാണ്ടിയമ്മാവിൽ താമസിക്കുന്നു. മൂത്തപുത്രൻ തോമ്മാച്ചൻ നീലൂർ കുമ്പുക്കൽ കൊച്ചിന്റെ മകൾ ലില്ലിയെ വിവാഹം കഴിച്ച് ഇടുക്കിജില്ലയിൽ പൂമാല എന്ന സ്ഥലത്ത് താമസിക്കുന്നു. ഇവർക്ക് ലിനറ്റ്, അനിറ്റ്, പോൾ എന്ന മൂന്നു കുട്ടികളുണ്ട്. മൂത്ത മകൾ ലീലാമ്മയെ മേലുകാവ് വണ്ടമ്മാക്കൽ മാത്യുവും, രണ്ടാമത്തെ മകൾ കുട്ടിയമ്മയെ അഞ്ചിരി മെയ്ക്കാൽ സണ്ണിയും, മൂന്നാമത്തെ മകൾ പുഷ്പമ്മയെ ചെപ്പുകുളം തെക്കേൽ സെബാസ്റ്റ്യനും നാലാമത്തെ മകൾ റെജിയെ പാണ്ടിയമ്മാവ് കൊച്ചുവീട്ടിൽ സജിയും വിവാഹം ചെയ്തിരിക്കുന്നു. ഇളയകുട്ടികൾ ജാൻസി, സിബി എന്നിവരാണ്.

കുഞ്ഞമ്മന്റെ മൂന്നാമത്തെ പുത്രൻ മത്തച്ചൻ മൂന്നിലവ് പൂത്തൻവീട്ടിൽ ഏലിക്കുട്ടിയെ വിവാഹം ചെയ്ത് മൂന്നിലവിൽ





താമസിക്കുന്നു. ഇവരുടെ മൂത്തമകൻ അപ്പച്ചൻ (തോമസ്സ്) മുട്ടം വിലങ്ങുപാറയിൽ അന്നമ്മയെ വിവാഹം ചെയ്ത് മുട്ടത്തു താമസിക്കുന്നു. ഇവർക്ക് ജോബി, ജിൻസി, ആൻസി എന്ന മൂന്നു കുട്ടികളുണ്ട്. രണ്ടാമത്തെ പുത്രൻ പാപ്പച്ചൻ (ജോർജ്ജ്) ഏറ്റുമാനൂർ ഓട്ടപ്പള്ളിൽ അമ്മിണിയെ വിവാഹം ചെയ്ത് മേലുകാവ് വടക്കും ഭാഗത്ത് താമസിക്കുന്നു. അനൂപ്, നീനു, എന്നിവർ മക്കളാണ്. മൂന്നാമത്തെ മകൻ ബേബി (മാത്യു) മങ്കൊമ്പ് കുന്നത്ത് ലൈസമ്മയെ വിവാഹം ചെയ്ത് മൂന്നിലവിൽ താമസിക്കുന്നു. ലിബിൻ, ലിനി എന്നിവർ മക്കളാണ്. ഔസേപ്പച്ചൻ (ജോസഫ്), ഏലിയാമ്മ (അച്ചാമ്മ) കാളക്കൂട് തെക്കേമഠം ജോസഫിന്റെ ഭാര്യ മേരി, കട്ടപ്പന മുള്ളൂർ തലശ്ശേരി സിബിയുടെ ഭാര്യ മോളി, റ്റോമി, ദേവസ്യാച്ചൻ, ബെന്നി, ജോബി എന്നിവർ മത്തച്ചന്റെ ഇളയമക്കളാണ്.

## ഇട്ടിച്ചെറിയാ മകൻ കുഞ്ഞേപ്പ്

അഞ്ചേരിൽ ഇട്ടിച്ചെറിയായുടെ രണ്ടാമത്തെ പുത്രൻ കുഞ്ഞേപ്പ് (ഔസേപ്പ്) പാലാ പുഴക്കര മാത്യുവിന്റെ മകൾ അന്നമ്മയെ വിവാഹം ചെയ്ത് മേരിലാന്റിൽ താമസിച്ചു. കുഞ്ഞേപ്പിന് കൊച്ച് (സ്കറിയ), കുഞ്ഞ് (തോമസ്സ്), മത്തച്ചൻ, ഈപ്പച്ചൻ (ജോസഫ്), പാപ്പച്ചൻ (ആന്റണി) എന്ന അഞ്ച് ആൺമക്കളും മറിയക്കുട്ടി, ബ്രിജിറ്റ് (മാമ്മി), അച്ചാമ്മ, ഇത്തമ്മ എന്ന നാലു പെൺമക്കളും ഉണ്ട് ഇത്തമ്മ സിസ്റ്റർ മേരി ഇമ്മാക്കുലേറ്റ് എന്ന പേരിൽ സെക്കുലർ ഇൻസ്റ്റിട്യൂട്ടിൽ ചേർന്ന് ഇപ്പോൾ പാലാ ലീജൻ ഹോമിൽ സേവനമനുഷ്ഠിക്കുന്നു.

മൂത്തമകൻ കൊച്ച് കടനാട് കുന്നുമ്പുറത്ത് ഫ്രാൻസീസിന്റെ മകൾ ത്രേസ്യാമ്മയെ വിവാഹം കഴിച്ച് മേലുകാവ് വടക്കൻമേട്ടിൽ താമസിക്കുന്നു. കൊച്ചിന്റെ മൂത്ത മകൻ ചാലമറ്റത്ത് താമസിക്കുന്ന ജോയി വിവാഹം ചെയ്തിരിക്കുന്നത് ചക്കിക്കാവ് വല്യകല്ലുങ്കൽ ജോസഫിന്റെ മകൾ ചിന്നമ്മയെയാണ്. ഇവർക്ക് ജോബിൻ, ജിജോ എന്ന രണ്ടുകുട്ടികളുണ്ട്. രണ്ടാമത്തെ മകൻ ബാബു കുടയത്തൂർ പനന്താനത്ത് സ്ക്കറിയായുടെ മകൾ മേരിയെ വിവാഹം ചെയ്തു. ബിജോയി, ബിജി, ബിപിൻ, ബിനു എന്ന നാലു മക്കളുണ്ട്. മൂന്നാമത്തെ മകൻ റ്റോമി പന്നിമറ്റം കീരമ്പനാൽ ജോസഫിന്റെ മകൾ റൂബിയെ

വിവാഹം ചെയ്തു. റ്റിനു, അനു, മീനു, സുനു എന്നിവർ ഇവരുടെ കുട്ടികളാണ്. നാലാമത്തെ പുത്രൻ സണ്ണി തൊടുപുഴ ചെങ്ങൻകേരി അവിരായുടെ മകൾ റൂബിയെ വിവാഹം ചെയ്തിരിക്കുന്നു. റോബിൻ, റോയി എന്ന രണ്ടു കുട്ടികളുണ്ട്. പെൺമക്കളിൽ കുട്ടിയമ്മ സിസ്റ്റർ ഗ്ലോറിയാ എന്ന പേരിൽ രാജസ്ഥാൻ മഡറിൽ ക്രിസ്തുരാജ് ആശ്രമത്തിൽ കന്യാസ്ത്രിയാണ്. കൊച്ചുറാണി കാഞ്ഞിരപ്പള്ളി മേരിക്വീൻസ് ആശുപത്രിയിൽ നേഴ്സായി ജോലി നോക്കുന്നു. കൊച്ചുറാണിയെ വിവാഹം ചെയ്തിരിക്കുന്നത് ഇടക്കുന്നം പടന്നമാക്കൽ ചാക്കോയുടെ മകൻ റ്റോമിച്ചനാണ്. ഇളയമകൾ മിനി പ്രവിത്താനം കാവുകാട്ട് ആശുപത്രിയിൽ ജോലിനോക്കുന്നു.

കുഞ്ഞേപ്പിന്റെ രണ്ടാമത്തെ പുത്രൻ പരേതനായ കുഞ്ഞ് വിവാഹം ചെയ്തിരുന്നത് ഉള്ളനാട് വള്ളിയാന്തടത്തിൽ ഫിലിപ്പിന്റെ മകൾ അന്നമ്മയെയാണ്. ഇവരുടെ ഏകപുത്രൻ ജോസ് ഇളംദേശം പൊന്നാങ്കണ്ടത്തിൽ സ്ക്കറിയായുടെ മകൾ മേരിയെ വിവാഹം ചെയ്തതിൽ ജിൻസ്, ജിംസൺ എന്ന രണ്ടുകുട്ടികളുണ്ട്. കുഞ്ഞിന്റെ ഏക മകൾ വത്സ ഇപ്പോൾ ഹൈറേഞ്ചിൽ താമസിക്കുന്ന മൂന്നിലവ് മിറ്റത്താനി ചാക്കോച്ചന്റെ സഹധർമ്മിണിയാണ്.

കുഞ്ഞേപ്പിന്റെ മൂന്നാമത്തെ പുത്രൻ മത്തച്ചൻ അവിവാഹിതനാണ്.

നാലാമത്തെ മകൻ ഈപ്പൻ ഇലപ്പള്ളി കണ്ണാലയിൽ മാത്യുവിന്റെ മകൾ ഏലിയാമ്മയെ വിവാഹം ചെയ്ത് മേരിലാന്റിൽ തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് റ്റിന്റു, റ്റിനു എന്ന രണ്ടുകുട്ടികളുണ്ട്. റ്റിന്റു സേക്രഡ് ഹാർട്ട് മഠത്തിൽ ചേർന്ന് ഇപ്പോൾ പാലായിൽ പഠിച്ചു കൊണ്ടിരിക്കുന്നു.

കുഞ്ഞേപ്പിന്റെ അഞ്ചാമത്തെ മകൻ പരേതനായ പാപ്പച്ചൻ തിടനാട് കുഴിത്തോട്ട് ജോസഫിന്റെ മകൾ മേരിയെയാണ് വിവാഹം ചെയ്തിരിക്കുന്നത്. ജിൻസി, ബിൻസി, മഞ്ജു, ലിറ്റി, മാർട്ടിൻ (എബിൻ) എന്നിങ്ങനെ അഞ്ചുകുട്ടികളുണ്ട്.

## ഇട്ടിച്ചെറിയാ മകൻ സ്ക്കറിയ

ഇട്ടിച്ചെറിയായുടെ മൂന്നാമത്തെ പുത്രൻ സ്ക്കറിയ





പ്രവിത്താനത്ത് മുണ്ടനാട്ട് അന്നമ്മയെ വിവാഹം കഴിച്ച് കാലടിയടുത്ത് കാഞ്ഞൂരിലേയ്ക്ക് മാറിത്താമസിച്ചു. ഏകമകൾ സിസ്റ്റർ ബ്രിജിറ്റ് അഞ്ചേരിൽ മണിമല സേക്രട്ട് ഹാർട്ട് കോൺവെൻറിൽ സേവനമനുഷ്ഠിക്കുന്നു.

സ്ക്കറിയായുടെ മൂത്തപുത്രൻ പരേതനായ പാപ്പച്ചൻ എന്നുവിളിച്ചിരുന്ന ഇട്ടിച്ചെറിയത് (ഐ.സി. അഞ്ചേരി) വിവാഹം ചെയ്തിരുന്നത് കൊങ്ങോർപ്പള്ളി കോയിത്തറ കെ.സി. ചാക്കോയുടെ മകൾ അച്ചാമ്മയെയാണ്. അച്ചാമ്മ രാജസ്ഥാനിൽ ജോഡ്പൂർ എന്ന സ്ഥലത്ത് സെയ്ന്റ് മേരീസ് യു.പി. സ്കൂളിന്റെ മാനേജരാണ്. മൂത്ത മകൻ ജെയിംസും (സാജു) ഭാര്യ കുറ്റിക്കാട് മാളിയേക്കൽ മത്തായിയുടെ മകൾ ഓമനയും പ്രസ്തുത സ്കൂളിന്റെ ഭരണത്തിൽ അച്ചാമ്മയെ സഹായിക്കുന്നു. ഇവർക്ക് സോണിയ, ബോബി, സ്വീറ്റി എന്ന മൂന്നു പെൺകുട്ടികളുണ്ട്. രണ്ടാമത്തെ മകൻ രാജു (സ്ക്കറിയ) എം.ബി.എം. എൻജിനീയറിംഗ് കോളേജിൽ ഇൻസ്ട്രക്ടറാണ്. ഭാര്യ ഫ്ളേവി മാംഗ്ളൂർ കനകനാടി നറോണാ കോമ്പൗണ്ടിൽ ജെ.ബി. നറോണയുടെ പുത്രിയാണ്. ഫ്ളേവി റെയിൽവേ ആശുപത്രിയിൽ സ്റ്റാഫ് നഴ്സാണ്. അലിഷ, അയിഷ എന്നിവർ ഇവരുടെ കുട്ടികളാണ്. മൂന്നാമത്തെ പുത്രൻ വിജയ് (ജോസഫ്) ഗോദ്റജ് കമ്പനിയിൽ സെയിൽസ് എക്സിക്യൂട്ടീവാണ്. ഭാര്യ റീത്ത ബോംബെ താനെയിൽ ജെറോം ഫെർണാണ്ടസിന്റെ മകളാണ്. റീത്ത സെയ്ന്റ് ആന്റണീസ് സീനിയർ സെക്കണ്ടറി സ്കൂളിൽ അദ്ധ്യാപികയാണ്. ഇവർക്ക് സണ്ണി, സുവീറ്റ് എന്നീ ആൺ മക്കളുണ്ട്. ഇളയ മകൻ സിബു (സെബാസ്റ്റ്യൻ) പെൻസോയിൽ കമ്പനിയിൽ സെയിൽസ് എക്സിക്ക്യൂട്ടീവായി ജോലി നോക്കുന്നു. പഴയന്നൂർ പാറപ്ലാക്കിൽ പി.ഐ. മത്തായിയുടെ മകളും സെയ്ന്റ് പോൾസ് സീനിയർ സെക്കണ്ടറി സ്കൂളിൽ അദ്ധ്യാപികയുമായ റൂബിയാണ് ഭാര്യ. ഗ്രേഗോ എന്ന ഒരാൺകുട്ടിയുണ്ട്. ഏക മകൾ ബറോഡാ വിദ്യാ വിഹാർ സ്കൂൾ അദ്ധ്യാപികയായ സുനിതയെ സുധാകർ പോൾ ദേവരാജ് വിവാഹം ചെയ്ത് ബറോഡയിൽ താമസിക്കുന്നു.

സ്ക്കറിയായുടെ രണ്ടാമത്തെ പുത്രൻ കുഞ്ഞുകുട്ടി (തോമസ്) പയപ്പാർ അറയ്ക്കൽ ചാക്കോയുടെ മകൾ അച്ചാമ്മയെ വിവാഹം

ചെയ്ത് പാലക്കാട് ജില്ലയിൽ ഇടത്തനാട്ടുകരയിൽ താമസിക്കുന്നു. മൂത്തപുത്രൻ ജോയി വിവാഹം ചെയ്തിരിക്കുന്നത് ഒലവക്കോട് കാക്കനാട്ടു തോമസിന്റെ മകൾ വത്സമ്മയെയാണ്. സജി, സജിനി, എന്ന രണ്ടു കുട്ടികളുണ്ട്. ഇവർ ഇപ്പോൾ കോയമ്പത്തൂരിൽ താമസിക്കുന്നു. രണ്ടാമത്തെ മകൻ മോഹനൻ കാഞ്ഞിരപ്പുഴ പരുന്നൂനോലിൽ വക്കച്ചന്റെ മകൾ സുജയെ വിവാഹം ചെയ്തു. ഇവർക്ക് ഉണ്ണിമോൾ എന്ന ഒരു കുട്ടിയുണ്ട്. കുഞ്ഞുകുട്ടിയുടെ ഏകമകൾ മോളിയെ ചമ്പക്കുളം ഇളയച്ചാങ്കുളം ജോസ് വിവാഹം ചെയ്തിരിക്കുന്നു.

സ്ക്കറിയായുടെ മൂന്നാമത്തെ പുത്രൻ PWD – യിൽ അസിസ്റ്റന്റ് എൻജിനീയർ ആയി റിട്ടയർ ചെയ്ത ഈപ്പച്ചൻ, വെള്ളിക്കുളങ്ങര അരീക്കാട്ട് ഏലിക്കുട്ടിയെയാണ് വിവാഹം ചെയ്തിരിക്കുന്നത്. ഇവർ മൂവാറ്റുപുഴയ്ക്കടുത്ത് ആനിക്കാട് എന്ന സ്ഥലത്ത് താമസിക്കുന്നു. FACTയിൽ ടെക്നീഷ്യനായ അമ്പലമേട് തെക്കനാട്ടു പോളിന്റെ ഭാര്യ മോളി, കോഴിക്കോട് കാർത്തിക ഡോ. കെ. എസ്. ദേവന്റെ ഭാര്യ ലാലി, സന്തോഷ്, സമീഷ് എന്നിവർ മക്കളാണ്. ലാലിയും, സന്തോഷും, സമീഷും യു.എസ്.എ.യിൽ ആണ്.

ചാലക്കുടി ഇലഞ്ഞിപ്പാറ ഇട്ടിയച്ചന്റെ മകൾ സിസിലിയെയാണ് സ്ക്കറിയായുടെ നാലാമത്തെ പുത്രൻ പരേതനായ കുഞ്ഞ് എന്നു വിളിച്ചിരുന്ന ചാക്കോ വിവാഹം കഴിച്ചിരുന്നത്. ചാക്കോ കാഞ്ഞൂർ സെയ്ന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിൽ അദ്ധ്യാപകനായിരുന്നു. മൂക്കന്നൂർ മാടശ്ശേരി പൗലോസിന്റെ ഭാര്യ സോളി, ചങ്ങനാശ്ശേരി പാറക്കുഴിയിൽ ഫ്രെഡിയുടെ ഭാര്യ സോബി, സിസ്റ്റർ ബ്രിജിറ്റ് അഞ്ചേരിൽ സി.എം.സി. ചെങ്ങൽ ഹൈസ്ക്കൂൾ അദ്ധ്യാപികയും കാഞ്ഞൂർ വടക്കുന്തല ജോർജിന്റെ ഭാര്യയുമായ സോമി, വിദ്യാർത്ഥിനിയായ സോണിയാ എന്നിവർ മക്കളാണ്. സിസിലി സോളി പ്രിന്റേഴ്സ് എന്ന പേരിൽ കാഞ്ഞൂര് പ്രസ് നടത്തുന്നു.

സ്ക്കറിയായുടെ അഞ്ചാമത്തെ പുത്രൻ മാത്യൂസ് (മത്തച്ചൻ) ഐ. ഐ. റ്റി. ചീഫ് സ്റ്റോക്ക് വെരിഫയർ ആയി റിട്ടയർ ചെയ്തയാളാണ്. ഇദ്ദേഹത്തിന്റെ ഭാര്യ ശ്രീമൂല നഗരം പെരുമായൻ കുഞ്ഞിപ്പൗലോയുടെ മകൾ, അസ്സോസിയേഷൻ ഓഫ് ഇൻഡ്യൻ യൂണിവേഴ്





സിറ്റീസ് എന്ന സ്ഥാപനത്തിൽ ജൂണിയർ സുപ്രണ്ടായി ജോലി നോക്കിയിരുന്ന ആനീസ് ആണ്. ഇവർ കാലടി ചെങ്ങൽ എന്ന സ്ഥലത്ത് താമസിക്കുന്നു.

സ്ക്കറിയായുടെ ആറാമത്തെ പുത്രൻ ആന്റണി വിവാഹം ചെയ്തിരിക്കുന്നത് പ്രസന്നപുരം കൂട്ടാലദേവസിയുടെ മകൾ കൊച്ചുത്രേസ്യായെയാണ്. ആന്റണി കാലടിയിൽ ടൈൽ ഫാക്ടറിയിൽ ഉദ്യോഗസ്ഥനാണ്. അങ്കമാലി കൂലിയത്ത് ഷാജിയുടെ ഭാര്യ, ബാംഗ്ളൂർ ടാപ്പർ ഗ്രൂപ്പ് കമ്പനിയിൽ ഡിസൈൻ എൻജിനീയറായി ജോലി നോക്കുന്ന ബി.ടെക് (സിവിൽ) ബിരുദധാരിയായ ലിജി (മേരി), മെക്കാനിക്കൽ എൻജിനീയറിംഗിൽ ഡിപ്ലോമാ കരസ്ഥമാക്കി ഇപ്പോൾ ബോംബെയിൽ ജോലിചെയ്യുന്ന ലിസൺ (സെബാസ്റ്റ്യൻ), നേഴ്സിംഗ് വിദ്യാർത്ഥിനിയായ ലിനി (അന്നം)എന്നിവർ ആന്റണിയുടെ മക്കളാണ്. ഇവർ ചൊവ്വരയിൽ താമസിക്കുന്നു.

കറുകുറ്റി പാറേക്കാട്ടിൽ കൊച്ചുത്രേസ്യയെയാണ് സ്ക്കറിയായുടെ ഏഴാമത്തെ പുത്രൻ മൈക്കിൾ വിവാഹം ചെയ്തിരിക്കുന്നത്. മൈക്കിൾ കറുകുറ്റി കെ.ആർ. ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ ഉദ്യോഗസ്ഥനായിരുന്നു. ഭാര്യ കൊച്ചുത്രേസ്യാ ഇപ്പോൾ ഈ സ്ഥാപനത്തിലെ ഉദ്യോഗസ്ഥയാണ്. സിബി, സാന്റോ, സൗമ്യ എന്ന മൂന്നുകുട്ടികളുണ്ട്.

എട്ടാമത്തെ പുത്രൻ സെബാസ്റ്റ്യൻ (ദേവസ്യാച്ചൻ) ദുബായിയിൽ ട്രോൻടെക് എൻജിനീയറിംഗ് കൺസൾട്ടൻസിയിൽ സീനിയർ എൻജിനീയറായി ജോലി നോക്കുന്നു. ചമ്പക്കുളം നാരങ്ങാനത്ത് എൻ.ജെ മാത്യുവിന്റെ മകളും ദുബായിയിൽ അക്കൗണ്ടന്റുമായ മോളിയാണു ഭാര്യ. ദുബായ് ടി.വി.യിൽ വി.ജെ ചാനലിൽ ജോലിചെയ്യുന്ന സോണിയ, സിമോണി എന്നിവർ മക്കളാണ്.

സ്ക്കറിയായുടെ ഇളയ മകൻ ജോർജ്ജും (അപ്പച്ചൻ) ഭാര്യ തൃപ്പൂണിത്തുറ അഴിക്കകത്ത് മാത്യവിന്റെ മകളും സംസ്കൃതത്തിൽ മാസ്റ്റർ ബിരുദധാരിണിയുമായ ആലീസും ഇലക്ട്രിസിറ്റി ബോർഡിൽ ഗസറ്റഡ് ഉദ്യോഗസ്ഥരാണ്. കാലടി ചെങ്ങലിൽ താമസിക്കുന്ന ഇവർക്ക് സാബു, ടോണി എന്നിങ്ങനെ രണ്ടു മക്കളുണ്ട്.

## ഇട്ടിച്ചെറിയാ മകൻ കുഞ്ഞുമത്ത


അഞ്ചേരിൽ ഇട്ടിച്ചെറിയായുടെ നാലാമത്തെ പുത്രൻ കുഞ്ഞുമത്ത (മത്തായി) പാറപ്പള്ളി മൂക്കൻ തോട്ടത്തിൽ ഔസേപ്പിന്റെ മകൾ മറിയാമ്മയെ വിവാഹം ചെയ്ത് സ്ത്രീധനമായി മേലുകാവിൽ കിട്ടിയ സ്ഥലത്ത് താമസമാക്കി. ബ്രിജിറ്റ് (കുട്ടി), അന്നമ്മ, മറിയക്കുട്ടി എന്ന മൂന്നു പെൺമക്കൾ മാത്രമാണ് ഉണ്ടായത്. കുഞ്ഞുമത്ത 28-ാം വയസ്സിൽ നിര്യാതനായി. ബ്രിജിറ്റിനെ പ്ലാശനാൽ രാമപുരത്ത് പാപ്പച്ചൻ (ജോർജ്ജ്) വിവാഹം ചെയ്ത് ദത്തവകാശമായി അഞ്ചേരിൽ വീട്ടിൽ താമസിക്കുന്നു. മൂത്തമകൻ റ്റോമി വണ്ണപ്പുറം റാത്തപ്പള്ളിൽ ഡെയ്സിയെ വിവാഹം ചെയ്തു. രണ്ടാമത്തെ മകൻ മാത്തുക്കുട്ടി കാവക്കാട് നമ്പ്യാട്ടേൽ വർക്കിയുടെ മകൾ ഷാന്റിയെ വിവാഹം ചെയ്തതിൽ അനിറ്റ്, ആനിട്രീസാ, മരിയറ്റ് എന്ന മൂന്നു പെൺകുട്ടികളുണ്ട്. ഇളയപുത്രൻ ബെന്നി വിവാഹം ചെയ്തിരിക്കുന്നത് തിടനാട് വെട്ടിക്കൽ ജോർജ്ജിന്റെ മകൾ മേഴ്സിയെയാണ്. മകൾ മിനി നീലൂർ കുരിയിക്കുന്നേൽ റ്റോമിയുടെ ഭാര്യയാണ്. കുഞ്ഞുമത്തയുടെ രണ്ടാമത്തെ മകൾ അന്നമ്മയെ ഇടമറുക് പരുന്തുവീട്ടിൽ ജോസഫ് (അപ്പച്ചൻ) വിവാഹം ചെയ്തു. ഇളയമകൾ മേലുകാവ് എസ്.എച്ച്. കോൺവെന്റിൽ സിസ്റ്റർ മാത്യൂസ് മരിയ എന്ന പേരിൽ കന്യാസ്ത്രിയാണ്.



കുഞ്ഞാമന്റെ മകൻ പാണ്ടിയന്മാവിൽ
താമസിക്കുന്ന കുഞ്ഞുകുട്ടിയുടെ കുടുംബം.
കുഞ്ഞുകുട്ടി, മേരി, സിബി, ജാൻസി.




ഇട്ടിച്ചെറിയയുടെ മകൻ കുഞ്ഞമ്മന്റെ ഭാര്യ
ഏലിക്കുട്ടി




കുഞ്ഞുകുട്ടിയുടെ മകൾ മേലുകാവിൽ താമസിക്കുന്ന ലീലാമ്മയുടെ കുടുംബം. മജീഷ്, മാത്യു, ലീലാമ്മ, ലിമേഷ്.




കുഞ്ഞുകുട്ടിയുടെ മകൻ പൂമാലയിൽ താമസിക്കുന്ന തോമാച്ചന്റെ കുടുംബം. തോമാച്ചൻ, ലില്ലി(ഭാര്യ), അനിററ്(മകൾ), ലിനററ്(മകൾ), പോൾ(മകൻ)



കുഞ്ഞുകുട്ടിയുടെ മകൾ പാണ്ടിയമ്മാവിൽ താമസിക്കുന്ന
റെജിയുടെ കുടുംബം. റെജി, സജി, ക്രിസ്റ്റോ.



കുഞ്ഞുകുട്ടിയുടെ മകൾ ചെപ്പുകുളത്തു താമസിക്കുന്ന
പുഷ്പമ്മയുടെ കുടുംബം. സെബാസ്റ്റ്യൻ, പുഷ്പമ്മ,
അഞ്ചുമോൾ, മേരി.



കുഞ്ഞുകുട്ടിയുടെ മകൾ അഞ്ചിരിയിൽ താമസിക്കുന്ന കുട്ടിയമ്മയുടെ കുടുംബം. സണ്ണി, കുട്ടിയമ്മ, ആൽബിൻ, മെൽബിൻ.




കുഞ്ഞമ്മന്റെ മകൻ മുന്നിലവിൽ താമസിക്കുന്ന മത്തച്ചന്റെ കുടുംബം.
ജോബി (മകൻ), മത്തച്ചൻ, ബെന്നി (മകൻ), ഏലിയാമ്മ (ഭാര്യ), അച്ചാമ്മ (മകൾ)



മത്തച്ചന്റെ മകൻ മേലുകാവ് വടക്കും ഭാഗത്തു താമസിക്കുന്ന പാപ്പച്ചന്റെ കുടുംബം. പാപ്പച്ചൻ, അമ്മിണി, അനൂപ്, നീനു.




മത്തച്ചന്റെ പുത്രൻ മുട്ടത്തു താമസിക്കുന്ന അപ്പച്ചന്റെ കുടുംബം. അപ്പച്ചൻ, അന്നമ്മ (ഭാര്യ), ജോബി (മകൻ), ജിൻസി (മകൾ), ആൻസി (മകൾ)




മത്തച്ചന്റെ മകൻ ഔസേപ്പച്ചൻ






മത്തച്ചന്റെ മകൻ മുന്നിലവിൽ താമസിക്കുന്ന
ബേബിയുടെ കുടുംബം. ബേബി, ലൈസമ്മ,
ലിബിൻ (മകൻ), ലിനി (മകൾ)




മത്തച്ചന്റെ മകൾ കാളക്കുട് എന്ന സ്ഥലത്തു താമസിക്കുന്ന മേരിയുടെ കുടുംബം. ജോസഫ് (ഭർത്താവ്), സിജി (മകൾ), മേരി, സിജോ (മകൻ)



മത്തച്ചന്റെ മകൾ കട്ടപ്പനയിൽ
താമസിക്കുന്ന മോളി, സിബി(ഭർത്താവ്)



മത്തച്ചന്റെ മകൻ ദേവസ്യാച്ചൻ



മത്തച്ചന്റെ മകൻ റേറാമി



ഇട്ടിച്ചെറിയ മകൻ കുഞ്ഞേപ്പ്



കുഞ്ഞേപ്പിന്റെ മകൾ മാമ്മി



സി. മേരി ഇമ്മാക്കുലേററ് (കുഞ്ഞേപ്പിന്റെ
മകൾ)



കൊച്ചിന്റെ മകൾ സി.ഗ്ലോറിയാ (രാജസ്ഥാൻ)




കൊച്ചിന്റെ മകൾ ഇടക്കുന്നത്തു താമസിക്കുന്ന
കൊച്ചുറാണി, റോമിച്ചൻ




കൊച്ചിന്റെ മകൻ മേലുകാവിൽ താമസിക്കുന്ന
ബാബുവിന്റെ കുടുംബം. മേരി, ബാബു, ബിനു, ബിജോയി,
ബിപിൻ, ബിജി.




കുഞ്ഞേപ്പിന്റെ മകൻ മേലുകാവ് വടക്കൻ മേട്ടിൽ താമസിക്കുന്ന കൊച്ചിന്റെ കുടുംബം. ജോയി (മകൻ), റോമി (മകൻ), റോമിച്ചൻ (കൊച്ചുറാണിയുടെ ഭർത്താവ്), റൂബി (സണ്ണിയുടെ ഭാര്യ), റോയി (സണ്ണിയുടെ മകൻ), സണ്ണി (മകൻ), കൊച്ച്, ബാബു (മകൻ), മിനി (മകൾ), ജിജോ (ജോയിയുടെ മകൻ), ചിന്നമ്മ (ജോയിയുടെ ഭാര്യ), കൊച്ചുറാണി (മകൾ), ത്രേസ്യാമ്മ (ഭാര്യ), ജോബിൻ (ജോയിയുടെ മകൻ), ബിജി (ബാബുവിന്റെ മകൾ), റോബിൻ (സണ്ണിയുടെ മകൻ)



കുഞ്ഞിന്റെ പുത്രൻ മേരിലാന്റിൽ താമസിക്കുന്ന ജോസിന്റെ കുടുംബം. ജിംസൺ (മകൻ), ജിൻസ് (മകൻ), അന്നമ്മ (അമ്മ), ജോസ്, മേരി (ഭാര്യ)




കുഞ്ഞിന്റെ മകൾ ഹൈറേഞ്ചിൽ താമസിക്കുന്ന വത്സയുടെ കുടുംബം.
ചാക്കോച്ചൻ (ഭർത്താവ്), വത്സ, ഡോണ, ആര്യ.



കുഞ്ഞേപ്പിന്റെ മകൻ മേരിലാന്റിൽ താമസിക്കുന്ന ഈപ്പച്ചന്റെ കുടുംബം.
റിനു (മകൻ), ഈപ്പച്ചൻ, ഏലിയാമ്മ (ഭാര്യ) റിൻറു (മകൾ)



സ്കറിയായുടെ മകൾ സി. ബ്രിജിറ്റ് എസ്.എച്ച്.



കുഞ്ഞേപ്പിന്റെ മകൻ പരേതനായ പാപ്പച്ചൻ



ഇട്ടിച്ചെറിയായുടെ മകൻ കാഞ്ഞൂരു താമസിക്കുന്ന സ്ക്കറിയായുടെ കുടുംബം. സ്ക്കറിയാ, അന്നമ്മ (ഭാര്യ), സാബു (അപ്പച്ചന്റെ മകൻ), അപ്പച്ചൻ (മകൻ), ആലീസ് (അപ്പച്ചന്റെ ഭാര്യ), ടോണി (അപ്പച്ചന്റെ മകൻ)



കുഞ്ഞേപ്പിന്റെ മകൻ മേരിലാന്റിൽ താമസിക്കുന്ന പാപ്പച്ചന്റെ കുടുംബം. എബിൻ (മകൻ), ബിൻസി (മകൾ), മേരി (ഭാര്യ), മഞ്ചു (മകൾ), ലിററി (മകൾ), ജിൻസി (മകൾ).



പാപ്പച്ചന്റെ മകൻ രാജസ്ഥാനിൽ താമസിക്കുന്ന
രാജുവിന്റെ കുടുംബം, രാജു, ഫ്ളേവി(ഭാര്യ)
അലിഷ, അയിഷ (മക്കൾ)



സ്ക്കറിയായുടെ മകൻ പരേതനായ
പാപ്പച്ചൻ



പാപ്പച്ചന്റെ മകൻ വിജയ്‌യും കുടുംബവും. വിജയ്, റീത്താ (ഭാര്യ), സണ്ണി, സുവീററ് (മക്കൾ)



പാപ്പച്ചന്റെ മകൻ രാജസ്ഥാനിൽ താമസിക്കുന്ന ജെയിംസിന്റെ കുടുംബം. ജെയിംസ്, ഓമന (ഭാര്യ), സോണിയ, ബോബി, സ്വീററി (മക്കൾ)




കുഞ്ഞുകുട്ടിയുടെ മകൻ കോയമ്പത്തൂരിൽ താമസിക്കുന്ന ജോയിയുടെ കുടുംബം. ജോയി, വത്സമ്മ, സജി (മകൻ), സജിനി (മകൾ)



പാപ്പച്ചന്റെ മകൾ ബറോഡയിൽ താമസിക്കുന്ന സുനിതയുടെ കുടുംബം. അച്ചാമ്മ (പാപ്പച്ചന്റെ ഭാര്യ), സുധാകർ പോൾ ദേവരാജ് (സുനിതയുടെ ഭർത്താവ്), സുനിത, സുവെററാ, ആദിത്യാ (സുനിതയുടെ മക്കൾ)




പാപ്പച്ചന്റെ മകൻ രാജസ്ഥാനിൽ താമസിക്കുന്ന സിബുവിന്റെ കുടുംബം രാജസ്ഥാനി വേഷത്തിൽ. സിബു, റൂബി (ഭാര്യ), ഗ്രെഗോ (മകൻ)



സ്ക്കറിയായുടെ മകൻ ഇടത്തനാട്ടുകരയിൽ താമസിക്കുന്ന കുഞ്ഞുകുട്ടിയുടെ കുടുംബം. കുഞ്ഞുകുട്ടി, അച്ചാമ്മ (ഭാര്യ), ജോയി (മകൻ), വത്സമ്മ (ജോയിയുടെ ഭാര്യ), മോഹനൻ (മകൻ), മോളി (മകൾ), ജോസ് (മോളിയുടെ ഭർത്താവ്)



സ്ക്കറിയായുടെ മകൻ മൂവാററുപുഴ ആനിക്കാട്ട് താമസിക്കുന്ന ഈപ്പച്ചൻ.




കുഞ്ഞുകുട്ടിയുടെ മകൻ ഇടത്തനാട്ടുകരയിൽ താമസിക്കുന്ന മോഹനന്റെ കുടുംബം. മോഹനൻ, സുജ, ഉണ്ണിമോൾ



ആനിക്കാട്ട് താമസിക്കുന്ന ഈപ്പച്ചന്റെ ഭാര്യ
ഏലിക്കുട്ടി



ഈപ്പച്ചന്റെ മകൾ അമ്പലമേട് താമസിക്കുന്ന മോളി,
പോൾ (ഭർത്താവ്)



ഈപ്പച്ചന്റെ മകൻ സന്തോഷ് (യു.എസ്.എ)



ഈപ്പച്ചന്റെ മകൻ സമീഷ് (യു.എസ്.എ)



ചാക്കോയുടെ ഭാര്യ കാഞ്ഞൂരു താമസിക്കുന്ന സിസിലി, മകൾ സോണിയാ





ഈപ്പച്ചന്റെ മകൾ ലാലി, ഭർത്താവ് ദേവൻ (യു.എസ്.എ)



പരേതനായ ചാക്കോയുടെ മകൾ സി. ബ്രിജിറ്റ്
സി.എം.സി.



സ്ക്കറിയായുടെ മകൻ പരേതനായ ചാക്കോ.




ചാക്കോയുടെ മകൾ സോളിയുടെ കുടുംബം.
സോളി, പോൾ (ഭർത്താവ്), ജോൺ(മകൻ), ജീൻ മേരി(മകൾ)



ചാക്കോയുടെ മകൾ സോബിയുടെ കുടുംബം.
സോബി, ഫ്രെഡി (ഭർത്താവ്), സിറിൽ തോംസൺ (മകൻ)





ചാക്കോയുടെ മകൾ കാഞ്ഞൂരു താമസിക്കുന്ന
സോമി, ഭർത്താവ് ജോർജ്, മകൾ ഐറിൻ



സ്ക്കറിയായുടെ മകൻ ദുബായ്യിൽ ജോലി
ചെയ്യുന്ന ദേവസ്യാച്ചൻ



സ്ക്കറിയായുടെ മകൻ കാഞ്ഞൂരു താമസിക്കുന്ന മത്തച്ചൻ, ഭാര്യ ആനിസ്



സ്ക്കറിയായുടെ മകൻ ചൊവ്വരയിൽ താമസിക്കുന്ന ആന്റണിയുടെ കുടുംബം. ലിസൺ (മകൻ), ആന്റണി, ഷാജി (ലിജിയുടെ ഭർത്താവ്), ലിജി (മകൾ), കൊച്ചുത്രേസ്യ (ഭാര്യ), ലിനി (മകൾ)



സ്ക്കറിയായുടെ മകൻ കാഞ്ഞൂരു താമസിക്കുന്ന മൈക്കിളിന്റെ കുടുംബം. സിബി (മകൻ), സൗമ്യ (മകൾ), മൈക്കിൾ, കൊച്ചുത്രേസ്യാ (ഭാര്യ), സാന്റോ (മകൻ)




കുഞ്ഞുമത്തായുടെ മകൾ ഒല്ലൂകാവിൽ താമസിക്കുന്ന ബ്രിജിററിന്റെ കുടുംബം. മുൻനിരയിൽ - പാപ്പച്ചൻ (ബ്രിജിററിന്റെ ഭർത്താവ്), റോമി (മിനിയുടെ ഭർത്താവ്), മിനി (മകൾ), ബ്രിജിററ്, ജിററുമോൾ, ഷാന്റി (മാത്തുക്കുട്ടിയുടെ ഭാര്യ), ആനി ട്രീസാ, ഡെയ്സി (മകൻ റോമിയുടെ ഭാര്യ). പിൻനിരയിൽ – ബെന്നി (മകൻ), മാത്തുക്കുട്ടി (മകൻ), റോമി (മകൻ)



ബ്രിജിററിന്റെ മകൻ മാത്തുക്കുട്ടിയുടെ കുടുംബം.
മാത്തുക്കുട്ടി, ഷാന്റി (ഭാര്യ), അനിററ്, ആനി ട്രീസാ,
മരിയററ് (മക്കൾ)



കുഞ്ഞുമത്തയുടെ ഭാര്യ പരേതയായ മറിയാമ്മ



ബ്രജിററിന്റെ മകൻ മേലുകാവിൽ താമസിക്കുന്ന റേറാമി, ഭാര്യ ഡെയ്സി



ബ്രിജിററിന്റെ മകൻ ബെന്നി, ഭാര്യ മേഴ്സി.



കുഞ്ഞുമത്തയുടെ മകൾ ഇടമറുകിൽ താമസിക്കുന്ന
അന്നമ്മ



ബ്രിജിററിന്റെ മകൾ നീലൂരു താമസിക്കുന്ന
മിനിയുടെ കുടുംബം. ജോൺ, മിനി, ജോമി മോൻ,
മരിയററ്.



സി. മാത്യൂസ് മരിയ എസ്.എച്ച്. (കുഞ്ഞുമത്തയുടെ മകൾ)

## (ബി) അഞ്ചേരിൽ കുഞ്ഞവുത

അഞ്ചേരിൽ ഈപ്പന്റെ ദ്വിതീയപുത്രൻ കുഞ്ഞവുത (ഔസേപ്പ്) പാലാ മുകാല അന്നമ്മയെ വിവാഹം ചെയ്ത് അക്കാലത്ത് കുരങ്ങുമല എന്നറിയപ്പെട്ടിരുന്ന കവീക്കുന്നിലേയ്ക്ക് താമസം മാറ്റി. നാലു പുത്രന്മാരും മൂന്നു പുത്രിമാരും ജനിച്ചു. ഭാര്യ മരിച്ചുപോയതിനാൽ പാലായിൽ കല്ലാശ്ശേരിയിൽ ഏലിയെ പുനർവിവാഹം ചെയ്തു. ഈ വിവാഹത്തിൽ ഒരു പുത്രനും ഒരു പുത്രിയും ജനിച്ചു. ഭാര്യ മരിച്ചതിനാൽ വീണ്ടും തലപ്പലത്തു വാഴയിൽ അന്നമ്മയെ വിവാഹം ചെയ്തു. ഈ വിവാഹത്തിൽ കുട്ടികളുണ്ടായിരുന്നില്ല. പെൺമക്കളിൽ മൂത്തവളായ അന്നമ്മയെ എറകോന്നി പഴൂര് ജോസഫും, രണ്ടാമത്തെ മകൾ മാമ്മിയെ പറമുണ്ടയിൽ ജോസഫും, കേരള ഗവൺമെന്റ് സർവ്വീസിൽ ഉദ്യോഗസ്ഥയായിരുന്ന മൂന്നാമത്തെ മകൾ ഏലിയാമ്മയെ ഗ്രന്ഥകാരനും സാഹിത്യകാരനുമായ ശ്രീ ജെ.സി.പാലക്കിയും, ഇളയമകൾ ത്രേസ്യാമ്മയെ കുറുമണ്ണ് കല്ലറയ്ക്കൽ (വട്ടക്കാവുങ്കൽ) അഗസ്റ്റ്യനും വിവാഹം ചെയ്തു. ഇവരിൽ അന്നമ്മയും, മാമ്മിയും, ഏലിയാമ്മയും നിര്യാതരായി.

## കുഞ്ഞവുത മകൻ കൊച്ച്

അഞ്ചേരിൽ കുഞ്ഞവുതയുടെ പ്രഥമപുത്രൻ കൊച്ച് (യശഃശ്ശരീരനായ എ.ഒ. ജോസഫ് എം.എ.എൽ.റ്റി.) അദ്ധ്യാപന രംഗത്ത് മായാത്ത വ്യക്തിമുദ്ര പതിപ്പിച്ചയാളാണ്. പാലാ സെയ്ന്റ് തോമസ്സ് ഹൈസ്ക്കൂൾ അദ്ധ്യാപകൻ, സെയ്ന്റ് തോമസ്സ് കോളേജ് ഹിസ്റ്ററി ലക്ച്ചറർ, സെയ്ന്റ് തോമസ്സ് ട്രെയിനിംഗ് കോളേജിന്റെ പ്രഥമ പ്രിൻസിപ്പൽ എന്നീ നിലകളിൽ അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇദ്ദേഹം മുന്നിട്ടു നിന്നു പ്രവർത്തിച്ചാണ് മീനച്ചിൽ സഹകരണബാങ്ക് സ്ഥാപിച്ചത്. കേരള യൂണിവേഴ്സിറ്റി സെനറ്റിൽ പല പ്രാവശ്യം അംഗമായിരുന്നിട്ടുണ്ട്. അഖില കേരള കത്തോലിക്കാ കോൺഗ്രസിന്റെ സജീവ പ്രവർത്തകനായിരുന്ന കൊച്ച് അതിന്റെ ജനറൽ സെക്രട്ടറിയായി സംഘടനയ്ക്ക് നേതൃത്വം നൽകിയിട്ടുണ്ട്. എ.ഒ. സാർ എന്നറിയപ്പെട്ടിരുന്ന ഇദ്ദേഹത്തിന്റെ സ്മരണയെ നിലനിർത്തുവാനായി പാലാ നഗരസഭ ഇദ്ദേഹത്തിന്റെ വസതിക്കുമുന്നിലൂടെ തൊടുപുഴ റോഡിൽ നിന്നു കവീ

